8


# യേശുവിന്റെ സഭ: സംഘടന

സഭ എങ്ങനെ കൃത്യമായി സംഘടിപ്പിച്ചിരിക്കുന്നു എന്നതു അത്ര കാര്യമാക്കാത്തവരാണ് അനേകർ. എന്നിരുന്നാലും, സംഘടന ഒരു ശക്തമായ വിഷയം തന്നെയാണ്. സഭയുടെ സംഘടന എന്നതു ശരീരത്തിന്റെ അസ്ഥികൂടം പോലെയാണ്. അസ്ഥികൂടം വളഞ്ഞാൽ ശരീരം മുഴുവൻ  വികൃതരൂപത്തിലാകും.

**യേശു, തല**

അധികം നാമധേയ വിഭാഗങ്ങൾക്കും ഭൗതികതലയും തലസ്ഥാനവും, ഉണ്ടായിരിക്കും. എന്നാൽ യേശുവിന്റെ സഭയ്ക്കു ഒരു തല മാത്രമാണ് (ഉണ്ടായിരുന്നതു) ഉള്ളത്: യേശു തന്നെ. യേശു സ്വർഗ്ഗത്തിൽ ആയതു കൊണ്ട് സഭയുടെ തലസ്ഥാനം സ്വർഗ്ഗമാണ്, "യേശുവിനെ സകല നാമത്തിന്നും മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിന്നും മീതെ തല യാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു"[1] (എഫെസ്യർ 1:22; കൊലൊസ്യർ 1:18). യേശു ശിഷ്യന്മാരോടു പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു" (മത്തായി 28:18).[2]

ബൈബിളിലെ സഭയിൽ ഭൗമിക തലകളും തലസ്ഥാനങ്ങളും കാണാൻ സാദ്ധ്യമല്ല. അധികം നാമധേയ വിഭാഗങ്ങളിലും കാണപ്പെടുന്ന വിപുലമായ സംഘടനാ ഏർപ്പാടുകളും ബൈബിളിന്നു അന്യമാണ്. സഭയുമായി ബന്ധിപ്പിച്ച് ജില്ലാടിസ്ഥാനത്തിൽ, ദേശീയവും അന്തർദേശീയവുമായ, അടിസ്ഥാനത്തിൽ ഉള്ള സംഘടനകൾ പുതിയ നിയമകാലയളവിൽ, ഉണ്ടായിരുന്നില്ല. പ്രാദേശിക ഇടവകയേക്കാൾ വലിയ സംഘടനാ ഘടന മറ്റൊന്നില്ല.




മുകളിൽ പടത്തിൽ, "യേശു,തല" എന്നും താഴെ ("പ്രാ.സ") എന്നതു പ്രാദേശിക ഇടവകയുമാണ്.പടത്തിൽ, കാണിച്ചിരിക്കുന്ന പ്രാദേശിക ഇടവകകളും സ്വതന്ത്രവും മറ്റുള്ളവയിൽ, നിന്നു വേറിട്ടു നില്ക്കുന്നതുമാണ്. പ്രാദേശിക സഭകൾ ഒന്നിച്ചു സ്നേഹത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. പരസ്പരം സഹായിക്കുക. (പ്രവർത്തി 11:28-30; റോമർ 15:25, 26), എന്നാൽ സംഘടനാപരമായ കെട്ടുപാട് പരസ്പരമില്ല.


ഈ എർപ്പാടിനെ ചിലപ്പോൾ "പ്രാദേശിക സ്വയം ഭരണം" എന്നറിയപ്പെടാറുണ്ട്. അതു ഒരു സംയുക്തഗ്രീക്കു വാക്കിൽനിന്നു വന്നതാണ് അർത്ഥം "സ്വയമായി ഭരണം" നടത്തുക എന്നാണ്, ക്രിസ്തുവിന്റെ സഭയിലെ ഓരോ ഇടവകയും ക്രിസ്തുവിന്നു മാത്രം കീഴ്പ്പെട്ടുകൊണ്ട് സ്വയ - ഭരണം നടത്തുന്നവയാണ്.

ചിലർ വിചാരിക്കുന്നതു ഈ നിസാര ഏർപ്പാട് ഇന്നത്തെ സങ്കീർണ്ണമായ ലോകത്തിൽ അപ്രായോഗികം എന്നതാണ്. പിതാക്കന്മാരുടെ പ്രവർത്തന സംവിധാനം കൂടെ സഭയുടെ "ദൗത്യനിർമ്മാണത്തിനു" വേണമെന്നു അവർ ശഠിക്കുന്നു. കർത്താവിന്റെ ഏർപ്പാട്, ധാരാളം മതി, എന്ന സാക്ഷ്യമാണ് ഞാൻ നല്കുന്നത്. മനുഷ്യനിർമ്മിത സംഘടനകളുടെ: "ആനുകൂല്യമില്ലാതെ" ആസ്ട്രേലിയയിൽ ഞാൻ പത്തു വർഷം സുവിശേഷവേല ചെയ്തിട്ടുണ്ട്. ഓക്ളഹോമയിലെ മിഡ്വെസ്റ്റ് സിറ്റിയിലെ ഈസ്റ്റ് സൈഡ് ചർച്ച് ഓഫ് ക്രൈസ്റ്റ് സഹായിച്ചിട്ടുണ്ട്. മറ്റു ക്രിസ്തുവിന്റെ സഭകളും ആവശ്യമായ സഹായം എത്തിച്ചു തന്നിട്ടുണ്ട്. ഒരു മിഷനറി സ്വസൈറ്റിയും ആവശ്യമില്ലായിരുന്നു.

## പ്രാദേശിക സഭ

പുതിയ നിയമത്തിൽ, സഭയുടെ ഏക സംഘടനാ ഘടകം പ്രാദേശിക സഭയാണ്. ബൈബിൾ കാലഘട്ടത്തിൽ പ്രാദേശിക സഭകൾ എങ്ങനെ സംഘടിപ്പിക്കപ്പെട്ടു എന്നു നാം ഈ പാഠത്തിന്റെ ശേഷിച്ച ഭാഗത്തു, ശ്രദ്ധിക്കും. മുഴുവനായും സംഘടിപ്പിച്ച[3] ഫിലിപ്പി യയിലെ, സഭയ്ക്കു പൗലൊസ് എഴുതിയപ്പോൾ: "ക്രിസ്തുവിന്റെ - ദാസന്മാരായ, പൗലൊസും തിമൊഥെയൊസും ഫിലിപ്പിയിൽ ക്രിസ്തുയേശു

വിലുള്ള സകല വിശുദ്ധന്മാർക്കും, അദ്ധ്യക്ഷന്മാർക്കും[4] ശുശ്രൂഷക ന്മാർക്കും കൂടെ എഴുതുന്നതു (ഫിലിപ്പിയർ 1:1). നാലു കൂട്ടം ആളു കളെ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നു: പൗലൊസും തിമൊഥെ യൊസും ഉപദേഷ്ടാക്കന്മാർ അഥവാ സുവിശേഷകന്മാർ ആയിരുന്നു. ഫിലിപ്പിയയിലെ "വിശുദ്ധന്മാർ", എന്നു സംബോധന ചെയ്തതു സഭ യിലെ സാധാരണ അംഗങ്ങളെയാണ്.[5] വിശുദ്ധന്മാരിൽ തന്നെ വേറെ "അദ്ധ്യക്ഷന്മാരും" "ശുശ്രൂഷകന്മാരും" എന്ന രണ്ടു കൂട്ടം ആളു കളെയും പറ്റി പറയുന്നു. മുഴുവനായും സംഘടിപ്പിക്കപ്പെട്ട സഭയിൽ ഈ നാലു കൂട്ടം ആളുകളെ എങ്ങനെ യോജിപ്പിച്ചിരിക്കുന്നു എന്നു കാണിക്കുന്നതാണ് താഴത്തെ പടം:




**അദ്ധ്യക്ഷന്മാർ: മൂപ്പന്മാർ**

ഇടവകമേലുള്ള നായകന്മാരെ "മൂപ്പന്മാർ" എന്നറിയപ്പെട്ടി രുന്നു. ഈ "ഉദ്യോഗത്തിന്നു"[6] സാധാരണ ഉപയോഗിക്കുന്ന പദവിയാണിത് (പ്രവർത്തി 11:30; 14:23; 15:2; 20:17). "മൂപ്പൻ" എന്നതിന്റെ ഗ്രീക്കു വാക്ക് പ്രെസ്ബൂറ്റെറോസ് എന്നാണ് അർത്ഥം "പ്രായമായവൻ"[7] എന്നാണ്. സഭാ നേതാക്കന്മാർ പ്രായത്തോടൊപ്പം പക്വതയും നന്നായി വേണ മെന്നു ഊന്നി പറയുന്നു. പക്വതയുള്ള തീരുമാനങ്ങൾ എടുക്കാൻ കഴി വുള്ളവരാകണം മൂപ്പന്മാർ.

മൂപ്പന്മാരെ "അദ്ധ്യക്ഷന്മാർ" എന്നും അറിയപ്പെടുന്നു. പൗലോസ് തിത്തൊസിന്നു എഴുതിയപ്പോൾ, ഉപയോഗിച്ച പദങ്ങൾ "മൂപ്പൻ" "അദ്ധ്യക്ഷൻ/മേയ്ക്കുന്നവൻ" എന്നിവ മാറി മാറി ഉപയോഗിച്ചിരിക്കു ന്നു:

> ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നതു, ശേഷിച്ച കാര്യ ങ്ങളെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ, പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിന്നും തന്നേ, മൂപ്പൻ കുറ്റമില്ലാത്തവനും, ഏകഭാര്യയുള്ളവനും, ദുർനടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളു ള്ളവനും ആയിരിക്കേണം. അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവി ചാരകൻ ആകയാൽ അനിന്ദ്യനായിരിക്കേണം, തന്നിഷ്ടക്കാരനും,

കോപിയും, മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുത്
*മേയ്ക്കുന്നവൻ* എന്നതിന് ധഗഖഢയിൽ "ബിഷപ്പ്" എന്നാണ്പ ...
(തിത്തൊസ് 1:5–7).[8]

സുപരിചിതമായ "ബിഷപ്പ്" എന്നതു ഗ്രീക്കു വാക്കായ *എപ്പിസ്കൊപ്പോസ്*, എന്ന വാക്കിൽ നിന്നു വന്നതാണ്. (മുൻപ് സൂചപ്പിച്ചതുപോലെ) മലയാളത്തിൽ "അദ്ധ്യക്ഷൻ" എന്നാണ് കൊടുത്തിരിക്കുന്നതു. പൗലൊസ് മൂപ്പന്മാരോടു പറഞ്ഞതു ദൈവം അവരെ "അദ്ധ്യക്ഷരാക്കി" വെച്ചിരിക്കുന്നു എന്നാണ് (പ്രവർത്തി 20:17, 28). പത്രൊസ് മൂപ്പന്മാരോടു നിർദ്ദേശിച്ചതു "മേയിച്ചു കൊൾവിൻ" എന്നാണ് (1 പത്രൊസ് 5:1, 2). "ബിഷപ്പ്" ("അദ്ധ്യക്ഷൻ") എന്നതു മൂപ്പന്മാരുടെ ഉത്തരവാദിത്വത്തെ ഊന്നി പറയുന്നതാണ്: ഒരു ഇടവകയെ സംബന്ധിച്ച് അവർ എല്ലാ കാര്യങ്ങളിലും അദ്ധ്യക്ഷത വഹിക്കണം.[9]

മൂപ്പന്മാരെ/അദ്ധ്യക്ഷന്മാരെ "ഇടയന്മാർ" എന്നും വിളിച്ചിരുന്നു. എഫെസ്യർ 4–ൽ: അതു നാമമായിട്ടാണ് കാണപ്പെടുന്നത് "അവൻ ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ *ഇടയന്മാരായും,* ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു ..." (എഫെസ്യർ 4:11, 12).[10] "ഷെഫേർഡ്" (പോയിമെൻ) എന്നതു "പാസ്റ്റർ" എന്ന ലാറ്റിൻ വാക്ക് തർജ്ജിമ ചെയ്തതാണ്. ഇതിന്റെ ക്രിയാരൂപം പ്രവർത്തി 20–ൽ, കാണാം അവിടെ മൂപ്പന്മാരോടു/അദ്ധ്യക്ഷന്മാരോട് "ദൈവത്തിന്റെ സഭയെ മേയിക്കുവാൻ പറയുന്നുണ്ട്" (വാക്യം 28).[11] ക്രിയാരൂപം 1 പത്രൊസ് 5–ലും കാണാം, മൂപ്പന്മാരോടും/അദ്ധ്യക്ഷന്മാരോടും "നിങ്ങളുടെ വിചാരണയിലുള്ള ആട്ടിൻ കൂട്ടത്തെ *മേയിച്ചുകൊൾവിൻ*" (വാക്യം 2).[12] പ്രവർത്തി 5ലും ഈ മൂന്നു നാമങ്ങളും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്.

### മൂപ്പന്മാർ = മേയിക്കുന്നവർ = ഇടയന്മാർ/നടത്തുന്നവർ

"ഇടയന്മാർ" അല്ലെങ്കിൽ "മേയിക്കുന്നവർ" എന്നതു മൂപ്പന്മാരുടെ ജോലിയെ വിവരിക്കുന്നു. മനഃസാക്ഷിയുള്ള ഇടയന്മാർ തങ്ങ ളുടെ ആട്ടിൻകൂട്ടത്തെ കരുതലോടെ സംരക്ഷിക്കും. അതുപോലെ മൂപ്പന്മാർ പ്രാദേശിക ഇടവകയെ കരുതുകയും വേണം. സഭയെ നടത്തുന്നവരെ കുറിച്ചു, എബ്രായർ 13:17–ൽ പറയുന്നതു, "അവർ കണക്കു കൊടുക്കേണ്ടവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു" എന്നാണ്!

ഇന്നു, ഉപദേഷ്ടാക്കന്മാരെ "പാസ്റ്റർമാർ" എന്നു പലപ്പോഴും വിളിച്ചു കേൾക്കുന്നുണ്ട്. എന്നാൽ പുതിയ നിയമ കാലയളവിൽ, ഉപ

ദേഷ്ടാവ് ഒരു ഇടവകയുടെ "പാസ്റ്റർ" ആയിരുന്നില്ല. "പാസ്റ്റർ" എന്ന വാക്കു മൂപ്പന്മാരെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതാണ്. അല്ലാതെ ഉപദേഷ്ടാക്കന്മാരെ അല്ല.[13]

പുതിയ നിയമത്തിൽ എപ്പോഴെല്ലാം ഒരു ഇടവകയിലെ "മൂപ്പന്മാരെ" കുറിച്ചു പറഞ്ഞിട്ടുണ്ടോ, അവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്ന വാക്ക് ബഹുവചനമാണ് (പ്രവൃത്തി 11:30; 14:23; 15:2; 16:4; 20:17; 21:18; 1 തിമൊഥെയൊസ് 5:17; തിത്തോസ് 1:5; യാക്കോബ് 5:14; 1 പത്രൊസ് 5:1). ഒരു മൂപ്പൻ (ഇടയൻ) ഇടവകയെ മേയിക്കുന്നതായി ഒരിക്കലും ബൈബിളിൽ വായിക്കുന്നില്ല.

ഒരു പ്രദേശത്തെ അനേക ഇടവകകളെ നിയന്ത്രിക്കുന്ന "ബിഷപ്പുമാർ" ചില മതസംഘടനകളിൽ ഉണ്ട്. പ്രാദേശിക സ്വയം ഭരണതത്വം ഓർമ്മിക്കുക. വചനപ്രകാരം ഒന്നിലധികം മൂപ്പന്മാർ, അവർ അംഗങ്ങളായിരിക്കുന്ന പ്രാദേശിക ഇടവകയെ നിയന്ത്രിക്കാനേ അവകാശമുള്ളൂ. പത്രൊസ് മൂപ്പന്മാരോട് പറഞ്ഞു "നിങ്ങളുടെ *വിചാരണയിലുള്ള* ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തെ മേയിപ്പിൻ" എന്നാണ് (1 പത്രൊസ് 5:2),[14] അല്ലാതെ "നൂറു മൈൽ വിസ്തീർണ്ണ മേഖലയിലെ ഏറെ ആട്ടിൻകൂട്ടത്തെ മേയിക്കുവാനല്ല."

മൂപ്പന്മാരുടെ/അദ്ധ്യക്ഷന്മാരുടെ/ഇടയന്മാരുടെ യോഗ്യതകൾ 1തിമൊഥെയൊസ് 3:1–7ഉം തിത്തോസ് 1:5–9ഉം വരെയുള്ള വേദഭാഗത്തു പറഞ്ഞിട്ടുണ്ട്. പ്രസ്തുത യോഗ്യതകളനുസരിച്ച് ദൈവഭക്തിയുള്ള ക്രിസ്തീയ ഭർത്താക്കന്മാരായി, അപ്പന്മാരായി തീർന്നവർക്കേ മൂപ്പന്മാരായി ശുശ്രൂഷ ചെയ്യാൻ പറ്റൂ. ഒരാൾ മാത്രമായാൽ പോരാ; അവിവാഹിതനായ ആൾ പറ്റുകയില്ല. മക്കളില്ലാത്തവർ പാടില്ല. സ്ത്രീകൾ യോഗ്യരല്ല; ആത്മീയ പക്വതയില്ലാത്തവരും നല്ല തീരുമാനങ്ങൾ എടുക്കാൻ കഴിയാത്തവരും യോഗ്യരല്ല.

ഓരോ ഇടവകക്കുമാണ് അവിടെയുള്ള മൂപ്പന്മാരെ തിരഞ്ഞെടുക്കുവാനുള്ള ഉത്തരവാദിത്വം. ദൈവശ്വാസിയ വചനപ്രകാരം യോഗ്യതകൾ ഉള്ളവരെയാകണം അവർ തെരഞ്ഞെടുക്കേണ്ടതു.[15]

**സേവകന്മാർ: ശുശ്രൂഷകന്മാർ**

ഫിലിപ്പിയർ 1:1–ൽ പൗലോസ് "അദ്ധ്യക്ഷന്മാരും *ശുശ്രൂഷകന്മാരും*"[16] എന്നു സൂചിപ്പിച്ചിട്ടുണ്ട് "ഡീക്കൺ" എന്ന ഇംഗ്ലീഷിലാക്കിയ ഗ്രീക്കു പദത്തിന്റെ അർത്ഥമാണ് "ശുശ്രൂഷകൻ" എന്നതു.

**ശുശ്രൂഷകന്മാർ = ദാസന്മാർ**

ശുശ്രൂഷകന്മാർ "മൂപ്പന്മാരുടെ വലങ്കൈ ആയി പ്രവർത്തിക്കേണ്ടവരാണ്" ആദ്യം "ശുശ്രൂഷകന്മാരെ" നിയമിച്ചതു ഇടവകയുടെ

ആവശ്യങ്ങൾ ശ്രദ്ധിച്ചു കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണ്. അങ്ങനെ മൂപ്പന്മാർക്കു അവരിൽ നിന്നു ദൈവം പ്രതീക്ഷിക്കുന്നതു ചെയ്യുവാനും സാധിക്കും (പ്രവൃത്തി 6:1-6).[17]

ശുശ്രൂഷകന്മാർക്കു ജന്മസിദ്ധമായ അധികാരമൊന്നുമില്ല.[18] മൂപ്പന്മാർ അവർക്കു ചുമതലപ്പെടുത്തികൊടുക്കുന്ന കാര്യങ്ങൾ ചെയ്യുക എന്ന അധികാരം മാത്രമാണ് അവർക്കുള്ളത്.

ശുശ്രൂഷകന്മാർക്കുള്ള യോഗ്യതകൾ 1 തിമൊഥെയൊസ് 3:8-13-വരെയുള്ള വേദഭാഗത്തു കാണാം.നിശ്ചിതയോഗ്യതകളുള്ള ശുശ്രൂഷകന്മാരെ തിരഞ്ഞെടുത്തിരിക്കുന്ന ഉത്തരവാദിത്വം, പ്രാദേശിക ഇടവകക്കാണ് (പ്രവൃത്തി 6:3, 5).

**ഉപദേഷ്ടാക്കന്മാർ: സുവിശേഷകന്മാർ**

പ്രാരംഭ സഭയിൽ, ഉപദേഷ്ടാക്കന്മാർ മൂന്നു പേരുകളിൽ അറിയപ്പെട്ടിരുന്നു. ആദ്യമായി, അവരെ "ഉപദേഷ്ടാക്കന്മാർ" എന്നു വിളിച്ചിരുന്നു (റോമർ 10:14; 1 തിമൊഥെയൊസ് 2:7; 2 തിമൊഥെയൊസ് 1:11) അല്ലെങ്കിൽ ''പ്രസംഗിച്ചവർ'' (1 കൊരിന്ത്യർ 1:23). "ഉപദേഷ്ടാവ്" എന്നതു ഗ്രീക്കിൽ "ഹെറാൾഡ്" എന്ന വാക്കിൽ നിന്നു ലഭിച്ചതാണ്. രാജാവായ യേശുവിന്നു വേണ്ടി പ്രഖ്യാപിക്കുന്നവർ എന്ന അർത്ഥമാണുള്ളത്.[19]

ഉപദേഷ്ടാക്കന്മാരെ "ശുശ്രൂഷകന്മാർ" എന്നും വിളിച്ചിട്ടുണ്ട് (പ്രവൃത്തി 26:16; റോമർ 15:16; എഫെസ്യർ 3:7; 6:21) അല്ലെങ്കൽ "ശുശ്രൂഷ" ഉള്ളവർ (പ്രവർത്തി 6:4; 2 തിമൊഥെയൊസ് 4:5) "ഡീക്കൺ" എന്ന ഗ്രീക്കു വാക്കിന്റെ തർജ്ജിമയാണ് "ശുശ്രൂഷകൻ" എന്നതു. ഓരോ ക്രിസ്ത്യാനിയും (ആയിരിക്കണം) ശുശ്രൂഷകൻ/സേവകൻ. അത്, ഓരോ ക്രിസ്ത്യാനിയുടെയും സേവനത്തിന്റെ ഭാഗമാണ് (എഫെസ്യർ 4:12; എബ്രായർ 6:10; 1 പത്രൊസ് 4:10, 11). അതുകൊണ്ട്, ഉപദേഷ്ടാവ് ഇടവകയുടെ ''ശുശ്രൂഷകനല്ല.'' ''വചന ശുശ്രൂഷകനാണ്'' ആ പേരിന്റെ യോഗ്യത നല്കേണ്ടതു, തന്നെ (പ്രവർത്തി 6:4) "അവർ ഉപദേശത്തിന്റെ ശുശ്രൂഷകരാണ്."

പുതിയ നിയമത്തിൽ ഉപദേഷ്ടാക്കന്മാർക്കും നിർണ്ണായകമായ പേരാണ് "സുവിശേഷകന്മാർ" എന്നതു (പ്രവർത്തി 21:8; എഫെസ്യർ 4:11; 2 തിമൊഥെയൊസ് 4:5).[20] "ഗോസ്പെൽ" എന്ന ഗ്രീക്കു വാക്കിൽ നിന്നു മാണ് "സുവിശേഷകൻ" എന്ന വാക്ക് വന്നതു. അതിന്റെ അർത്ഥം "[യേശുവിന്റെ][21] സുവിശേഷം പ്രസംഗിക്കുന്നവൻ" എന്നാണ്.

ഇന്നു, ഉപദേഷ്ടാക്കന്മാരുടെ ഉത്തരവാദിത്വം വചനം പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്യുക എന്നതാണ്. ദൈവവചനം പ്രഖ്യാപിക്കുക എന്നതിനുപരിയായി മറ്റൊരധികാരവും അവർക്കില്ല.[22]

ദൈവം നല്കിയിട്ടുള്ള അവസ്ഥയേക്കാൾ ഉപദേഷ്ടാക്കന്മാരുടെ ഉത്തരവാദിത്വത്തെ വലുതാക്കി കാണുന്ന പ്രവണത വർഷങ്ങളായി മനുഷ്യർക്കിടയിൽ കാണുന്നുണ്ട്. വചന വിരുദ്ധമായ പദവികൾ മനുഷ്യർ അവർക്കു നല്കുന്നുണ്ട് (മത്തായി 23:9). അവയിൽ ഒന്നാണ് ''റെവറന്റ്''' എന്നത്. ''റെവറിന്റെ'' അർത്ഥം ''ആദരവിന് യോഗ്യനാക്കൽ"[23] എന്നാണ്. ഈ വാക്ക് ഒരു പ്രാവശ്യം കെജെവിയിൽ കാണാം[24] സങ്കീർത്തനങ്ങൾ 111:9: ദൈവത്തെക്കുറിച്ചു പറയുമ്പോൾ സങ്കീർത്തനക്കാരൻ ഉപയോഗിച്ച വാക്കാണത്, "... അവന്റെ നാമം പരിശുദ്ധവും ആദരിക്കത്തക്കതുമാകുന്നു." ഞാൻ ദൈവം അല്ലായ്കയാൽ "ദൈവത്തെ ആദരിക്കാവുന്ന" വാക്ക് എനിക്കായി എടുക്കുന്നില്ല. "തിരുമേനി" എന്ന വാക്ക് ദൈവത്തിനു മാത്രം അർഹതപ്പെട്ടതാണ്.

**വിശുദ്ധന്മാർ: മറ്റു അംഗങ്ങൾ**

പ്രാദേശിക ഇടവകക്കു മറ്റു സുപ്രധാന പ്രവർത്തനങ്ങൾ ഉണ്ട്. ഉദാഹരണമായി, വചനം പരസ്യമായി പ്രസംഗിക്കുന്നവർ ഉണ്ട് (എഫെസ്യർ 4:11). മറ്റംഗങ്ങളെ ഉൾപ്പെടുത്തുവാൻ ഫിലിപ്പിയർ 1:1–ൽ പറഞ്ഞ "വിശുദ്ധന്മാർ" എന്ന വാക്ക് ഒരു നിമിഷത്തേക്കു, ഞാൻ ഉപയോഗിക്കട്ടെ. *ഓരോ* അംഗവും മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കണം[25] (എബ്രായർ 13:17), "നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ, നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു. ഇതു അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല."

**ഉപസംഹാരം**

എവിടെ ആരാധിക്കുകയും സേവിക്കയും ചെയ്യുമെന്ന ചിന്ത വരുമ്പോൾ, ഈ ചോദ്യത്തിനു നിങ്ങൾ ചോദിക്കുക: "ഈ ഇടവക സ്വതന്ത്രമാണോ – അതോ അവർ മറ്റേതെങ്കിലും മനുഷ്യ തലവനോടോ സംഘടനയോടോ ഉത്തരം പറയേണ്ടവരാണോ?"; "ഉപദേഷ്ടാവ് ഒരു ഇടവകയുടെ 'പാസ്റ്റർ' എന്നാണോ അറിയപ്പെടുന്നത്?"; ''അയാൾ വചന വിരുദ്ധമായ പദവി 'റെവറന്റ്'' തുടങ്ങിയവ എടുക്കുന്നുണ്ടോ?"

സഭയുടെ സംഘടന സുപ്രധാനമാണ് അതു ദൈവ പദ്ധതിയനുസരിച്ചായിരിക്കണം.

---

കുറിപ്പുകൾ

[1]എംഫസിസ് മൈൻ. [2]എംഫസിസ് മൈൻ. [3]അദ്ധ്യക്ഷന്മാർക്കു ദൈവം നല്കിയ ചിലയോഗ്യതകൾ ഉണ്ടെന്ന കാര്യം ഈ പാഠത്തിൽ നാം പിന്നീട് പഠിക്കും. ആ യോഗ്യതകൾ ഉള്ള പുരുഷന്മാർ ഇല്ലെങ്കിൽ, അദ്ധ്യക്ഷന്മാരെ നിയമിക്കരുത്. അങ്ങനെ വരു

മ്പോൾ, ഇടവക ഈ കാര്യത്തിൽ പുറകിലാണ് (തിത്തൊസ് 1:5). ഇടവകകൾ തുടർച്ചയായി പുരുഷന്മാരെ ദൈവശ്വാസീയ യോഗ്യത ഉള്ളവരായി വളർത്തി കൊണ്ടുവരണം. [4]KJV യിൽ ഇവിടെ "ബിഷപ്സ്" എന്നാണ് കാണുന്നത്. "ബിഷപ്സ" എന്ന വാക്കിന്റെ അക്ഷരിക അർത്ഥം "മേയിക്കുക" എന്നാണെന്നു നാം കാണും. [5]കഴിഞ്ഞ പാഠം ഒന്നാവർത്തിച്ചു നോക്കുക. [6]"ഓഫീസ്" എന്നതു ഞാൻ ക്വട്ടേഷനിലാണ് കൊടുത്തിട്ടുള്ളത്. അതു വെറും ഒരു ഓഫീസല്ല, ഒരു *പ്രവൃത്തിയാണ്* എന്ന ഊന്നൽ കൊടുക്കുന്നതിനാണത്. മൂപ്പന്മാരാകുന്നതു ഒരു പദവിയല്ല ഒരു ഉത്തരവാദിത്വമാണ്. [7]സഭാനായകന്മാരായ ("മൂപ്പന്മാർ", "ശുശ്രൂഷകന്മാർ") എന്നീ വാക്കുകൾ ഉപയോഗിക്കുമ്പോൾ അന്നു നിയമത്തിലുണ്ടായിരുന്ന സാധാരണ പദവിയാണ് ഉപയോഗിച്ചത്. പുതിയ നിയമത്തിൽ ഇവ സാധാരണ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട് ഒരു വാക്ക് അല്ലെങ്കിൽ സഭാദ്ധ്യക്ഷൻ എന്നതു ഏതർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് സന്ദർഭം വ്യക്തമാക്കും. [8]എംഫസിസ് മൈൻ. [9]ആത്മിക കാര്യങ്ങളിൽ നേതൃത്വം കൊടുക്കേണ്ടതു മൂപ്പന്മാരും ഭൗതികകാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതു ശുശ്രൂഷകന്മാരുമാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അതു ശരിയല്ല. മൂപ്പന്മാരാണ് ആത്മികകാര്യങ്ങളിലും ശുശ്രൂഷകന്മാർക്കു നേതൃത്വം കൊടുക്കേണ്ടത്. ഇടവകയെ ബാധിക്കുന്ന എല്ലാ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ, അന്തിമ ഉത്തരവാദിത്വം മൂപ്പന്മാർക്കാണ്. [10]എംഫസിസ് മൈൻ.

[11]എംഫസിസ് മൈൻ. [12]എംഫസിസ് മൈൻ. [13]ഒരു ഉപദേഷ്ടാവിന്നു ഒരു മൂപ്പന്റെ യോഗ്യതയുണ്ടെങ്കിൽ, ഇടവക അദ്ദേഹത്തെ ആ സേവനത്തിനു ആക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ മറ്റു മൂപ്പന്മാരോടൊപ്പം അദ്ധ്യക്ഷന്മാർ/ഇടയന്മാർ/മേയിക്കുന്നവർ - നിയമിക്കാം എന്നാൽ, വചനപ്രകാരം, ഇടവകയിലെ ഒരു "പാസ്റ്ററായി" ഒരിക്കലും നിയമിക്കാവുന്നതല്ല. [14]എംഫസിസ് മൈൻ. [15]നിശ്ചിത യോഗ്യതകളുടെ അടിസ്ഥാനത്തിൽ അദ്ധ്യക്ഷന്മാരെ ഒരു ഇടവക തെരഞ്ഞെടുക്കുന്ന മാതൃക, പ്രവൃത്തി 6:3, 5 നോക്കുക. [16]എംഫസിസ് മൈൻ. [17]"ശുശ്രൂഷകന്മാർ" എന്ന വാക്ക് ഞാൻ ക്വട്ടേഷനിൽ കൊടുത്തിരിക്കുന്നു. കാരണം ഈ പുരുഷന്മാർ "ഔദ്യോഗികമായി" ശുശ്രൂഷകന്മാരാണോ അല്ലയോ എന്ന ചോദ്യം ഉയർന്നിട്ടുണ്ട്. എന്നിരുന്നാലും അവർ ശുശ്രുഷകന്മാരുടെ ജോലി ചെയ്തിരുന്നു. ആ വാക്കിന്റെ അർത്ഥം തർജ്ജിമ ചെയ്ത വാക്കായ "ശുശ്രൂഷകൻ" എന്നാണ് പ്രവൃത്തി 6:2-ൽ ഉപയോഗിച്ചിരിക്കുന്നത്. [18]പുതിയ നിയമത്തിൽ സഭയെ നടത്തേണ്ടതിന്ന് "ബോർഡ് ഓഫ് ഡീക്കൺസ്" എന്നു പഠിപ്പിക്കുന്നില്ല. [19]ഒരു വ്യക്തി "മുഴുവൻ സമയ" ഉപദേഷ്ടാവോ, മറ്റേതെങ്കിലും ജോലി ചെയ്തു താല്ക്കാലി ഉപദേഷ്ടാവായി ഇരിക്കുന്നതും തമ്മിൽ അല്പ വ്യത്യാസമുണ്ട്. അതുപോലെ ഞായറാഴ്ച മാത്രം ഉപദേഷ്ടാവായി ഇരിക്കുന്നതും എങ്ങനെയായാലും അദ്ദേഹം ഉപദേഷാടാവ് തന്നെ. [20]"സുവിശേഷകൻ" എന്ന വാക്ക് ഒരാൾ യാത്ര ചെയ്തു സുവിശേഷം അറിയിക്കുന്നതുമായോ എവിടെയെങ്കിലും താമസിച്ചു സുവിശേഷം പ്രസംഗിക്കുകയോ ചെയ്താലും വലിയ വ്യത്യാസമില്ല.

[21]"സുവിശേഷകൻ" എന്ന മൂല *ക്രിയ* പുതിയ നിയമത്തിൽ പലയിടത്തും കാണുന്നുണ്ട്. അക്ഷരികമായി, അതിന്റെ അർത്ഥം "സുവിശേഷം അറിയിക്കുക" എന്നാണ്. എന്നാൽ പൊതുവായി "ഉപദേശിക്കപ്പെട്ട" എന്നാണ് തർജ്ജിമ ചെയ്തിട്ടുള്ളത് (പ്രവൃത്തി 8:35; റോമർ 1:15). [22]"ഇവാഞ്ചെലിസ്റ്റ് അതോറിറ്റി" എന്നൊന്ന് പുതിയ നിയമം പഠിപ്പിക്കുന്നില്ല. [23]*ദി അമേരിക്കൻ ഹെറിറ്റേറ്റ് ഡിക്ഷണറി*, 3d ed., s.v "റെവെറന്റ്". [24]NASB തർജ്ജിമ ചെയ്തിരിക്കുന്നത് "ഭയങ്കരം" എന്നാണ്. RSV പറഞ്ഞിരിക്കുന്നതു "ഘോരമായ" (ചില ഉപദേഷ്ടാക്കന്മാർ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നതു "ഭയങ്കരം" എന്നതാണ്. ഭൂരിഭാഗവും "ഘോരം" എന്നതു പരിഗണിക്കാറില്ല). [25]അത്, ഇടവകയിലെ അംഗങ്ങളെ വചനത്തിൽ നിന്നു അകറ്റാത്തിടത്തോളം അംഗങ്ങൾ മൂപ്പന്മാരുടെ തീരുമാനങ്ങൾ അനുസരിച്ചു പോകണം (പ്രവൃത്തി 20:28-31).